# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1278** **05.03.2020–ൽ മറുപടിയ്ക്ക്**

## ജനകീയ മത്സ്യകൃഷി പദ്ധതി

| ചോദ്യം<br>ശ്രീ.വി. ജോയി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം സംസ്ഥാനത്ത് മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. 2018–ലെ മഹാപ്രളയം മൂലം 40% മത്സ്യകൃഷിയിടങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടും മത്സ്യകൃഷി വഴിയുളള ഉല്പാദനം 24198 മെട്രിക്ക് ടണ്ണിൽ നിന്നും 24571 മെട്രിക്ക് ടൺ ആയി നേരിയ തോതിൽ ഉയർന്നിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം സംസ്ഥാനത്ത് 37674 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) മത്സ്യകൃഷി പദ്ധതിയിൽ ഏർപ്പെടുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണുളളതെന്ന് വിശദമാക്കാമോ? | സി) ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 21 തരം ഘടക പദ്ധതികളാണുളളത്. ഓരോ ഘടക പദ്ധതികളുടെയും മാനദണ്ഡങ്ങൾ വ്യത്യസ്തമാണ്. പൊതുവായ വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഏർപ്പെടുന്നതിനുള്ള പൊതുവായ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. വ്യക്തികൾ, ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ/ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാവുന്നതാണ്.

2. ഗുണഭോക്താക്കൾക്ക് സ്വന്തം ഉടമസ്ഥതയിലോ, നിയമാനുസൃത പാട്ടക്കരാർ പ്രകാരം അവകാശം സിദ്ധിച്ച നിലയിലോ, നിയമപ്രകാരമുള്ള മറ്റേതെങ്കിലും വിധത്തിൽ അനുമതി സിദ്ധിച്ച നിലയിലോ മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ പ്രദേശങ്ങളുണ്ടായിരിക്കേണ്ടതാണ്.

3. നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഓരോ പദ്ധതിയുടെയും ആനുകൂല്യം ലഭിക്കുന്നതിന് പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

4. അപേക്ഷകൾ ക്ഷണിച്ച വിവരം അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പായി നൽകേണ്ടതാണ്. അപേക്ഷകൾ ഫിഷറീസ് വകുപ്പിന്റെ ഓഫീസുകളിലൂടെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെയും സ്വീകരിക്കുന്നതാണ്.

5. ഒരു ഗുണഭോക്താവിന് ഒന്നിലധികം പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

6. ഒന്നിലധികം പേർക്ക് കൂട്ടായി അവകാശം സിദ്ധിച്ചിട്ടുള്ള ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് അവകാശികൾക്ക് കൂട്ടായോ എല്ലാ അവകാശികളും ചേർന്ന് ടി ആവശ്യത്തിലേയ്ക്ക് മാത്രമായി മുക്ത്യാർ മുഖേന നൽകിയ അനുമതി പത്രം ലഭിച്ച വ്യക്തിക്കോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

7. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ലഭിക്കുന്ന അപേക്ഷകൾ ഘടക പദ്ധതിയ്ക്കനുസരിച്ച് തരംതിരിച്ച് അതിനായിട്ടുള്ള പ്രത്യേക രജിസ്റ്ററുകളിൽ അക്വാകൾച്ചർ പ്രൊമോട്ടർമാർ രേഖപ്പെടുത്തലുകൾ വരുത്തുകയും ലഭിച്ച അപേക്ഷയിൽ പ്രാഥമിക സ്ഥല പരിശോധന നടത്തിയശേഷം ശുപാർശ സഹിതം ജില്ലാ നോഡൽ ഓഫീസർക്ക് കൈമാറേണ്ടതുമാണ്.

8. ഓരോ അപേക്ഷയിലും സ്ഥലപരിശോധനയും സാങ്കേതിക പരിശോധനയും പ്രോജക്റ്റ് കോ-ഓർഡിനേറ്റർ നടത്തേണ്ടതും അനുയോജ്യത ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിൽ 10 മുതൽ 20% വരെ അപേക്ഷകളിലെങ്കിലും ജില്ലാ നോഡൽ ഓഫീസർ/ അസിസ്റ്റന്റ് നോഡൽ ഓഫീസർമാർ നേരിട്ട് പരിശോധിക്കേണ്ടതുമാണ്.

9. അനുയോജ്യമല്ലാത്ത ജലാശയങ്ങളുടെ കാര്യത്തിൽ പരിവർത്തനപ്പെടുത്തലുകളോ നിർമ്മിതികളോ നടത്തിയാൽ അനുയോജ്യമാക്കാമെന്നുണ്ടെങ്കിൽ അത്തരം നിർദ്ദേശങ്ങൾ അപേക്ഷകന് നൽകേണ്ടതും സമയബന്ധിതമായി അത്തരം നിർദ്ദേശങ്ങൾ ഏർപ്പെടുത്തി അറിയിക്കുന്ന അപേക്ഷകളിൻമേൽ തുടർ സാങ്കേതിക പഠനം നടത്തി അനുയോജ്യത നിർണ്ണയിക്കേണ്ടതുമാണ്.

10. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും അധീനതയിലുൾപ്പെട്ട് ലഭിച്ച അപേക്ഷകൾ മുൻഗണനാ പട്ടിക തയ്യാറാക്കി സാങ്കേതിക പരിശോധനാ റിപ്പോർട്ട് ഉൾപ്പെടെ തദ്ദേശ സ്വയം ഭരണ സ്ഥാപന തല സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ ബോധിപ്പിക്കാൻ ഒരാഴ്ച സമയം നൽകേണ്ടതുമാണ്. അപേക്ഷകൾ നിരസിക്കുന്ന പക്ഷം ആയതിനുള്ള വ്യക്തമായ കാരണം രേഖാമൂലം തന്നെ തദ്ദേശ സ്വയം ഭരണ സ്ഥാപന തല സ്റ്റിയറിംഗ് കമ്മറ്റിയ്ക്ക് മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

11. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ അംഗീകാരം ലഭിച്ച മുൻഗണനാ ഗുണഭോക്തൃ പട്ടിക ജില്ലാതലത്തിൽ ക്രോഡീകരിച്ച് ജില്ലാതല സ്റ്റിയറിംഗ് സമിതിയുടെ അന്തിമ അംഗീകാരത്തിന് വിധേയമാക്കണം. എന്നാൽ ജില്ലാ സ്റ്റിയറിംഗ് കമ്മറ്റി അംഗീകരിച്ച 20 ലക്ഷമോ അതിൽ കൂടുതലോ യൂണിറ്റ് കോസ്റ്റുള്ള പദ്ധതികളുടെ അന്തിമ അംഗീകാരം സംസ്ഥാനതല സ്റ്റിയറിംഗ് കമ്മറ്റിയിൽ അധിഷ്ഠിതമായിരിക്കും.

12. തദ്ദേശ സ്വയം ഭരണ സ്ഥാപന തല സമിതിയിൽ തർക്കങ്ങളുണ്ടായിട്ടുള്ള അപേക്ഷകൾ ജില്ലാതല സ്റ്റിയറിംഗ് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും സമിതിയുടെ തീരുമാനം ഇക്കാര്യത്തിൽ അന്തിമമായിരിക്കുന്നതുമാണ്.

13. പ്രാദേശികമായി സൂക്ഷ്മതലത്തിലുള്ള മത്സ്യകൃഷി പ്രദേശങ്ങളുടെ സാങ്കേതിക അനുയോജ്യതയ്ക്കനുസൃതമായി വിവിധ ഘടകങ്ങളുടെ യൂണിറ്റുകളുടെ എണ്ണം തദ്ദേശ സ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജില്ലാ സാങ്കേതിക സമിതിയുടെ ശുപാർശയിൻമേൽ ജില്ലാതല സ്റ്റിയറിംഗ് സമിതി തീരുമാനിക്കേണ്ടതാണ്. സാങ്കേതിക അനുയോജ്യത സമാനമായ പ്രദേശങ്ങളിൽ യോഗ്യരായ അപേക്ഷകരുടെ ആനുപാതികമായിട്ടായിരിക്കണം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നിർവ്വഹിക്കേണ്ടത്.

14. നിരാകരിക്കപ്പെട്ട അപേക്ഷയുണ്ടെങ്കിൽ ആയതിന്റെ കാരണം ബന്ധപ്പെട്ട അപേക്ഷകനെ / അപേക്ഷകരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

15. ജില്ലാതലത്തിൽ അന്തിമ അംഗീകാരം ലഭിച്ചവരുടെ പട്ടിക ജില്ലാ ഫിഷറീസ് ഓഫീസർ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

16. ഏതെങ്കിലും അപേക്ഷ സംബന്ധിച്ച് സാമൂഹിക തടസ്സങ്ങളോ പാരിസ്ഥിതിക തടസ്സങ്ങളോ ഉന്നയിക്കപ്പെടുന്ന പക്ഷം അത്തരം അപേക്ഷകൾ അടിയന്തിരമായി ജില്ലാതലത്തിൽ രൂപീകരിക്കപ്പെടുന്ന സാങ്കേതിക സമിതി പരിശോധിച്ച് റിപ്പോർട്ട് ജില്ലാതല സ്റ്റിയറിംഗ് സമിതിയിൽ സമർപ്പിക്കേണ്ടതും ജില്ലാതല സ്റ്റിയറിംഗ് സമിതി റിപ്പോർട്ട് പരിശോധിച്ച് അന്തിമ തീരുമാനം എടുക്കേണ്ടതുമാണ്.

17. കേന്ദ്ര സംസ്ഥാന നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കണം മത്സ്യകൃഷിക്കായി സ്ഥലം തെരഞ്ഞെടുക്കേണ്ടത്.

**സെക്ഷൻ ആഫീസർ**